19/1/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **AP. 2055(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **13560**/എസ്.ഐ.സി-ജി 6/17)

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ.ദേവരാജൻ വി.,
വെങ്ങാനല്ലൂർ വാരിയം,
കുറ്റുമുക്ക്, രാമവർമ്മപുരം പി.ഒ.,
തൃശ്ശൂർ - 680 631.
} അപ്പീൽ ഹർജിക്കാരൻ

Vs

1. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ& അസിസ്റ്റന്റ് ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസ്, തൃശ്ശൂർ രണ്ടാം സർക്കിൾ.
2. സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ, കേരള ഖാദി&വില്ലേജ് ഇൻസ്ട്രീസ് അസോസിയേഷൻ, അവിനിശ്ശേരി, തൃശ്ശൂർ - 680 306.
3. അപ്പീൽ അധികാരി& ജില്ലാ ലേബർ ഓഫീസർ, തൃശ്ശൂർ.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 03.06.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 01.07.2017 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 15.07.2017 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 29.07.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 18.10.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 21.10.2017 |
| ഹിയറിംഗ് നടന്ന തീയതി | 06.12.2022, വീഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം: അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായില്ല<br>ഹാജരായിരുന്നു. |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീലിനും പൂർണ്ണമായും മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

2. അപ്പീൽ ഹർജിക്കാരൻ 03.06.2017ന് ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, തൃശ്ശൂർ നടുവിലാലിൽ സ്ഥിതി ചെയ്യുന്ന ഖാദി ഗ്രാമോദ്യോഗ് ഭവനുമായി ബന്ധപ്പെട്ട്;

1) ടി സ്ഥാപനത്തിൽ 01.01.2015 മുതൽ എത്ര സ്ഥിരം ജീവനക്കാരും, താൽക്കാലിക ജീവനക്കാരും ഉണ്ടെന്നും അവരുടെ പേരും പദനാമവും എന്താണെന്നും

2) പ്രസ്തുത ജീവനക്കാരുടെ (എല്ലാവിധം) ഹാജർ രേഖപ്പെടുത്തുന്നതെങ്ങനെയെന്നും ഹാജരിനായി ഒപ്പിടുവിക്കുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അതിന്റെ 01.08.2015 മുതൽ 31.08.2015 വരെയുള്ള മാസത്തെ പകർപ്പ് ലഭ്യമാക്കണമെന്നും

3) 2015 ആഗസ്റ്റ് മാസം പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാർ അധിക സമയ ജോലി ചെയ്തിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത് എപ്പോൾ മുതൽ എപ്പോൾ വരെയാണെന്നും ആയതിന് അധിക വേതനം നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ അത് കൈപ്പറ്റിയതിന്റെ രേഖകളുടെ പകർപ്പുകൾ, കൈപ്പറ്റിയവരുടെ പേരുകൾ സഹിതം ലഭ്യമാക്കണമെന്നും

4) പ്രസ്തുത സ്ഥാപനത്തിന്റെ സാധാരണ പ്രവൃത്തി സമയം (ഉപഭോക്താക്കൾക്ക് സാധനങ്ങൾ വാങ്ങാവുന്ന സമയം ഉൾപ്പെടെ) ഏതാണെന്നും തുടങ്ങി 7 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

ആയതിന് 01.07.2017ന് മറുപടി നൽകിയതായി കാണുന്നു. ടി മറുപടിയിൽ അതൃപ്തി രേഖപ്പെടുത്തി സമർപ്പിച്ച ഒന്നാം അപ്പീലിന് 29.07.2017ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്, അപ്പീൽ ഹർജിക്കാരന്റെ അപേക്ഷയിൽ എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ അസ്സൽ ഫയൽ അപ്പീൽ അധികാരി വിളിച്ചു വരുത്തി പരിശോധിക്കുകയും പ്രസ്തുത രേഖകളുടെയും വിവരാവകാശ നിയമത്തിലെ വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ ഹർജിക്കാരന്റെ അപ്പീൽ

ഹർജിയിൽ ഉന്നയിച്ച വിഷയങ്ങളിൽ ഹർജിക്കാരന്റെ ഒന്നാമത്തെ ചോദ്യം നിരസിച്ച് ഉത്തരവാകുന്നുവെന്നുമാണ്

രണ്ടാം ചോദ്യത്തിനുള്ള വിവരങ്ങൾ നൽകിയ ഉദ്യോഗസ്ഥന്റെ പേര് ചേർത്തിട്ടില്ലെന്നും 30.10.2006ലെ സർക്കുലർ പ്രകാരം എസ്.പി.ഐ.ഒ.യുടെ പേരിൽ ടിയാന്റെ കൈയ്യൊപ്പോടുകൂടി മാത്രമേ കത്തിടപാടുകൾ നടത്താൻ പാടുള്ളുവെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും രണ്ടാം ഇനത്തിന് മറുപടി നൽകി യെങ്കിലും എസ്.പി.ഐ.ഒ.യുടെ പേര് ചേർക്കാൻ വിട്ടുപോയതായി കാണുന്നു വെന്നും ആയത് ആകസ്മികമായി സംഭവിച്ചതാകാമെങ്കിലും ഭാവിയിൽ വിവരാവ കാശ നിയമപ്രകാരം മറുപടി നൽകുമ്പോൾ എസ്.പി.ഐ.ഒ.യുടെ പേര് ചേർത്ത് മറുപടി നൽകുവാൻ ശ്രദ്ധിക്കണമെന്ന് നിർദ്ദേശം നൽകി തീർപ്പാക്കിയെന്നുമാ ണ്.

ക്രമനമ്പർ മൂന്ന് സംബന്ധിച്ച് അപേക്ഷയിൽ പരാമർശിച്ചിരിക്കുന്ന സ്ഥാപ നത്തെ സംബന്ധിച്ച് 2 മുതൽ 7വരെയുള്ള വിവരങ്ങൾ സ്ഥാപന/തൊഴിലുടമ പേയ്മെന്റ് ഓഫ് വേജസ് ആക്ട് പ്രകാരം സൂക്ഷിക്കാൻ ബാധ്യസ്ഥനായിരു ന്നിട്ടും പ്രസ്തുത വിവരങ്ങൾ സ്ഥാപനമുടമയിൽ നിന്ന് ലഭ്യമാക്കുന്നതിനുള്ള യാതൊരുവിധ ശ്രമങ്ങളും നടത്താതെയാണ് അപേക്ഷ തീർപ്പാക്കി മറുപടി നൽകിയിരുന്നതെന്നാണ്. എന്നാൽ മേൽപ്പടി ചോദ്യത്തിൽ തന്റേതായ ചില നിഗമനങ്ങളുടെ അടിസ്ഥാനത്തിൽ ഒരു തൊഴിലുടമ കൈവശം വച്ചിരിക്കുന്നതും എന്നാൽ എസ്.പി.ഐ.ഒ.യുടെ പക്കലില്ലാത്തതുമായ വിവരം വാങ്ങി നൽകുന്ന തിനാണ് ഹർജിക്കാരൻ ആവശ്യപ്പെടുന്നതെന്നും വിവരാവകാശ നിയമപ്രകാരം വിവരം നിർമ്മിച്ച് നൽകുന്നതിനോ വാങ്ങി നൽകുന്നതിനോ വ്യാഖ്യാനിച്ചു നൽകുന്നതിനോ ഒരു പൊതുഅധികാരിക്ക് യാതൊരു ബാദ്ധ്യതയും ഇല്ലാത്തതാ ണെന്നും മേൽ ചോദ്യം സംബന്ധിച്ച് എസ്.പി.ഐ.ഒ. ടിയാന്റെ ഓഫീസിൽ കേരള ഷോപ്പ്സ് & കൊമ്മേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ടും/ചട്ടങ്ങളും പ്രകാരം ലഭ്യമായ തൊഴിലാളികളുടെ വിവരങ്ങൾ ഹർജിക്കാരന് നൽകിയിട്ടു ണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ ഹർജിക്കാരന്റെ വിഷയത്തിന്മേലുള്ള അപ്പീൽ സംബന്ധിച്ച് എസ്.പി.ഐ.ഒ.യുടെ നടപടി ശരിയാണെന്ന് ബോദ്ധ്യപ്പെട്ട് അംഗീകരിച്ച് ഉത്തരവായെന്നുമാണ്.

ചോദ്യം 7നുള്ള മറുപടി വിവരാവകാശ നിയമം വകുപ്പ് 6(3) പ്രകാരം ഉള്ള നടപടികൾ കൈക്കൊള്ളാതെയാണ് വിവരങ്ങൾ നൽകിയിരിക്കുന്നതെന്നും ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട വിവരം മറ്റേതെങ്കിലും ഒരു ഓഫീസിൽ ലഭ്യമാണോയെന്ന് അറിയില്ല എന്ന് വ്യക്തമാക്കിയാണ് മറുപടി

ലഭ്യമാക്കിയിട്ടുള്ളതെന്നാണ്. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഗണ്യമായ തോതിൽ സാമ്പത്തിക സഹായം നൽകിവരുന്ന സ്ഥാപനത്തെ സംബന്ധിച്ചാകയാൽ ഖാദി വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷനും അതിനു കീഴിലെ ഖാദി ഗ്രാമോദ്യോഗ് ഭവനും വിവരാകാശ നിയമത്തിലെ പൊതു അധികാരിയുടെ 2(എച്ച്) നിർവ്വചനത്തിൽ ഉൾപ്പെടുത്താമെന്ന് കാണുന്നുവെന്നുമാണ്. ടി വിഷയത്തിൽ ഒന്നാം എതിർകക്ഷിയുടെ ഭാഗത്തു നിന്നും മനഃപ്പൂർവ്വമായ യാതൊരു വിധ ഉപേക്ഷയും ഉണ്ടായതായി കാണുന്നില്ലെന്നുമാണ്.

ആയതിനാൽ ഹർജിക്കാരന്റെ അപേക്ഷ ഈ ഉത്തരവ് കൈപ്പറ്റി 2 മുതൽ വെരെയുള്ള ചോദ്യങ്ങക്കുള്ള മറുപടി ലഭ്യമാക്കുന്നതിനായി "സെക്രട്ടറി & പബ്ലിക് ഇൻഫർമേഷൻ ഓഫീസർ, ഖാദി& വില്ലേജ് ഇൻഡസ്ട്രീസ് അസോസിയേഷൻ, അവിനിശ്ശേരി പി.ഒ., തൃശ്ശൂർ" എന്ന വിലാസത്തിലേക്ക് 5 ദിവസത്തിനകം ഹർജിക്കാരന് വിവരം ലഭിക്കുന്നതിനായി അയച്ചു നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഉത്തരവായെന്നുമാണ്.

3. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഒന്നാം എതിർകക്ഷിയെ കേട്ടതിലും ഹർജിക്കാരന് സമയബന്ധിതമായി മറുപടി നൽകിയിട്ടുണ്ടെന്ന് ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് അപൂർണ്ണമായ മറുപടിയാണ് ലഭിച്ചതെന്നാണ് ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ആക്ഷേപമുന്നയിച്ചിരിക്കുന്നത്. മൊഴിയും അനുബന്ധരേഖകളും പരിശോധിച്ചതിൽ 15 ദിവസത്തിനുള്ളിൽ ഹർജിക്കാരന് മറുപടി നൽകണമെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു.

4. മേൽ നിർദ്ദേശപ്രകാരം 21.12.2022ൽ ഹർജിക്കാരന് വിവരം നൽകിയതിനാൽ ഈ അപ്പീൽ ഹർജി ഇന്നേദിവസം 2022 ഡിസംബർ 26-ാം തീയതി കമ്മീഷൻ തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി (ധനകാര്യം)
Ge/